II. അടിയന്തിരപ്രമേയം

തദ്ദേശഭരണസ്ഥാപനങ്ങളിൽ പദ്ധതി നിർവഹണത്തിന് ബിൽ സമ്പ്രദായം ഏർപ്പെടുത്തിയതുമൂലമുള്ള പ്രതിസന്ധി

മി. സ്പീക്കർ: തദ്ദേശഭരണസ്ഥാപനങ്ങളിൽ പദ്ധതി നിർവ്വഹണത്തിന് ബിൽ സമ്പ്രദായം ഏർപ്പെടുത്തിയതിന്റെയും വരും വർഷത്തെ പദ്ധതിരേഖ മാർച്ച് മാസത്തിൽത്തന്നെ തയ്യാറാക്കിയിരിക്കണമെന്ന നിബന്ധനയുടേയും ട്രഷറി നിയന്ത്രണത്തിന്റേയും ഫലമായി മാർച്ച് 31-ന് നാൽപ്പതു ശതമാനത്തോളം തുക ലാപ്സാകുന്നതുമൂലം ഉളവായിട്ടുള്ള അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. ബിനോയ് വിശ്വം, സി. കെ. നാണു, എ. എ. അസീസ്, പി. സി. ജോർജ്, എ. സി. ഷൺമുഖദാസ്, വി. സി. കബീർ, ഡോ. തോമസ് ഐസക്ക് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. 9.30 A.M.]

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* സർ, അടിയന്തിരപ്രമേയത്തിനുള്ള നോട്ടീസിൽ ഡോ. തോമസ് ഐസക്കും മറ്റ് അംഗങ്ങളും ചൂണ്ടിക്കാണിച്ച കാര്യങ്ങളോടനുബന്ധിച്ച് നൽകിയിട്ടുള്ള നോട്ടിൽ ഈ രംഗത്തെ ചില പ്രതിസന്ധികളെക്കുറിച്ചും പ്രതിപാദിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട സംഗതി പഞ്ചായത്തുകളിൽ നേരത്തെ നിലവിലുണ്ടായിരുന്ന ചെക്ക് സമ്പ്രദായത്തിനുപകരം ബിൽ സമ്പ്രദായം ഏർപ്പെടുത്തിയതിന്റെ ഫലമായി വന്നിട്ടുള്ള പ്രശ്നങ്ങളും, ആ കാര്യത്തിൽ മുൻഒരുക്കങ്ങളില്ലാതെ ചെയ്ത നടപടികളുടെ ഫലമായി വന്നിട്ടുള്ള പ്രയാസങ്ങളുമാണ്. രണ്ടാമത്തെ സംഗതി മാർച്ച് മാസത്തിൽത്തന്നെ പുതിയ പദ്ധതിരേഖ തയ്യാറാക്കണമെന്ന് നിർബന്ധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള പ്രയാസങ്ങളാണ്. മൂന്നാമത്തെ കാര്യം, എക്സ്പെൻഡിച്ചറിന്റെ ശതമാനം വളരെ കുറഞ്ഞതും ട്രഷറി നിയന്ത്രണത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള മറ്റ് പ്രയാസങ്ങളുമാണ്. ഇക്കാര്യത്തിൽ ജനപ്രതിനിധികളുടെ പ്രതിഷേധവും പ്രമേയത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അടിയന്തിരപ്രമേയത്തിന് നോട്ടീസ് നൽകിയ ഡോ. തോമസ് ഐസക്കിന് ഇക്കാര്യത്തെക്കുറിച്ച് നല്ല അറിവും അനുഭവസമ്പത്തും ഉണ്ട്. ബിൽ സമ്പ്രദായം ഏർപ്പെടുത്തിയതിന്റെ പശ്ചാത്തലമെന്താണെന്ന് അദ്ദേഹത്തിനുതന്നെ അറിയാമായിരിക്കും. ബിൽ സമ്പ്രദായം ഏർപ്പെടുത്തിയത് വളരെ നല്ല ഉദ്ദേശത്തോടുകൂടിയാണെന്നുള്ളത് നമുക്കും അറിയാവുന്ന കാര്യമാണ്. ഫിനാൻഷ്യൽ ഡിസിപ്ലിന്റെ ഭാഗമായിട്ടാണ് ബിൽ സമ്പ്രദായം ഏർപ്പെടുത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹംതന്നെ നോട്ടീസിൽ പറഞ്ഞിട്ടുള്ള കാര്യം, ബിൽ സമ്പ്രദായം ഏർപ്പെടുത്തിയത് മുൻഒരുക്കങ്ങൾ വേണ്ടത്രയില്ലാത്തതിന്റെ ഫലമായി പ്രയാസങ്ങൾ വന്നു എന്നേയുള്ളൂ എന്നാണ്. ശരിക്കുപറഞ്ഞാൽ ഡോ. പ്രഭാ പട്നായിക് ചെയർമാൻ ആയിട്ടുള്ള കമ്മിഷന്റെ ഏറ്റവും പ്രധാനപ്പെട്ട ശുപാർശകളിൽ ഒന്നായിരുന്നു ബിൽ സമ്പ്രദായം ഏർപ്പെടുത്തുകയെന്നുള്ളത്. മാത്രമല്ല എ.ജി.യുടെ ഓഡിസർവേഷനിലും ഈ കാര്യം വ്യക്തമായി പറഞ്ഞിരുന്നു. അപ്പോൾ ഫിനാൻഷ്യൽ ഡിസിപ്ലിൻ ഉണ്ടാക്കുന്നതിന്റെ ഭാഗമായി നേരത്തേ ചെക്ക് സിസ്റ്റം ഉണ്ടായിരുന്നെങ്കിൽ യഥാർത്ഥത്തിൽ എക്സ്പെൻഡിച്ചർ വരാതെതന്നെ ഡെപ്പോസിറ്റ് എന്ന നിലയിൽ ചെക്ക് കൊടുക്കാമായിരുന്നു. ആറ് മാസം ഉണ്ടായിരുന്നു. അപ്പോൾ ആക്ച്വൽ എക്സ്പെൻഡിച്ചർ ആകില്ല. ചെക്ക് സമ്പ്രദായത്തിൽ അങ്ങനെ ഒരു വൈകല്യമുള്ളതുകൊണ്ട്, എടുത്ത ജോലി അതിന്റെ ഡീറ്റെയിൽസ് ആ നിലയിലെല്ലാം ആക്ച്വൽ എക്സ്പെൻഡിച്ചർ വരും. അല്ലാത്ത വിധത്തിലുള്ള ഒരു സംഗതി ഉണ്ടാകില്ല എന്നതാണ് ബിൽ സമ്പ്രദായത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഗുണം. അദ്ദേഹം പറഞ്ഞതുപോലെ ചെക്ക് സമ്പ്രദായമാണെങ്കിൽ ബിൽ ലാപ്സാകാതെ അതിന്റെ അടിസ്ഥാനത്തിൽ ആറ് മാസം സമയം ഉള്ളതുകൊണ്ട് carry forward opportunity കിട്ടുമായിരുന്നു എന്നുള്ളത് ശരിയാണ്. പക്ഷേ ഇതിൽ ഒരു പ്രശ്നം വന്നിട്ടുണ്ട്. അതിന് അതിന്റേതായ ഗുണം ഉണ്ട് എന്നുമാത്രമല്ല ചെക്ക് കൊടുത്താൽ ഈ ആളും ട്രഷറിയും തമ്മിൽ വഴക്കാണ്, കൊണ്ടുപോകും, മടങ്ങും, പിന്നേയും മടങ്ങും. അതിനുപകരം പഞ്ചായത്തുകൾ ബിൽ കൊടുത്തുകഴിഞ്ഞാൽ ട്രഷറികളുമായിട്ടുള്ള അവരുടെ വഴക്ക് നിറുത്താമെന്ന് മാത്രമല്ല ജനങ്ങൾക്ക് കുറച്ചുകൂടി പഞ്ചായത്തുകളുമായി കോൺടാക്ട് ഉണ്ടാകുന്ന ഒരു സംഗതി അതിനകത്തുണ്ട്. മോണിട്ടർ ചെയ്യാൻ സാധിക്കും. ഞാൻ ആദ്യം പറഞ്ഞതുപോലെ കൈമാറിയ ഉദ്യോഗസ്ഥൻമാരും പഞ്ചായത്തും തമ്മിൽ ഒരു financial relation ആ നിലയിൽ ഉണ്ടാക്കാൻ സാധിക്കും. ഈ എല്ലാ ഗുണവും ഉള്ളതുകൊണ്ടുതന്നെയാണ് ബിൽ സമ്പ്രദായം കൊണ്ടുവന്നത്. അതിന് അങ്ങനെയൊരു ന്യൂനതയുണ്ടെങ്കിൽപ്പോലും അതൊരു നല്ല സംഗതിയായിരുന്നു. അതിന്റെ ഫലമായി ഫിനാൻഷ്യൽ ഡിസിപ്ലിൻ വരുന്നുണ്ട്. പിന്നെ ഒരു സംഗതി മാർച്ച് 31-നുള്ളിൽത്തന്നെ പദ്ധതിരേഖ തയ്യാറാക്കണമെന്നാണ്. അദ്ദേഹത്തിന് അറിയാമായിരിക്കും പദ്ധതിരേഖ മാർച്ചിൽ പൂർത്തീകരിച്ചുകഴിഞ്ഞാൽപ്പിന്നെ വർക്ക് ചെയ്യാൻ ഒരു കൊല്ലം കിട്ടും; ഇത് നീണ്ടു നീണ്ടു പോകുകയാണ്. അങ്ങനെ വരുന്ന സമയത്ത് വർക്കുചെയ്യാനുള്ള സമയം കിട്ടുന്നത് കുറച്ചായിരിക്കും എന്നതുകൊണ്ട് പഞ്ചായത്ത് അസസ്മെന്റ് സംബന്ധിച്ച് മാർച്ചിൽത്തന്നെ ചെയ്യണം,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്നാലേ വർക്ക് ചെയ്യാൻ സമയം കിട്ടുകയുള്ളൂ എന്ന്. ഒരു കൊല്ലമെന്നു പറഞ്ഞു, അതൊരു നല്ല സംഗതിയാണെന്ന് അദ്ദേഹവും അംഗീകരിക്കുന്നുണ്ടാകും. കഴിഞ്ഞ കാലത്തിൽനിന്ന് വ്യത്യസ്തമായി നേരത്തേ അത് ചെയ്യാമെന്ന് തീരുമാനിച്ചു. ശരിക്ക് കൂറച്ചുകൂടി ആലോചിച്ച് വൈകിയിട്ടാണ് അതിന്റെ തീരുമാനം എടുത്തെങ്കിൽപ്പോലും വീണ്ടും ഇത് മാർച്ചിൽത്തന്നെ തയ്യാറാക്കണമെന്നുപറഞ്ഞപ്പോൾ ഈ പറഞ്ഞപോലെ സ്പിൽഓവറിന്റെ കണക്ക് എത്രയുണ്ടാകുമെന്ന് അറിയില്ല, മുഴുവനും ചെയ്യാൻ ഒത്തില്ല എന്ന അഭിപ്രായം വന്ന സമയത്ത് അത് റീ-കൺസിഡർ ചെയ്തിട്ട് പുതിയ പ്രോജക്ട് പ്രോപ്പോസൽ മാത്രം മാർച്ചിൽ തന്നാൽ മതി, ബാക്കിയുള്ളത് ഏപ്രിലിലേക്ക് മാറ്റിക്കൊണ്ട് ഗവൺമെന്റ് ഇത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ട്. അതുമാത്രമല്ല അടുത്ത കൊല്ലം ഇലക്ഷനാണ്. ഇലക്ഷൻ സമയത്ത് കഴിയുന്നതുംവേഗം ഇവർക്ക് അത് ചെയ്യാൻ പറ്റിയിട്ടില്ലെങ്കിൽ എക്സ്പെൻഡിച്ചർ ആകില്ല എന്ന ഒരു സംഗതി അതിലുണ്ട്. അതുകൊണ്ടാണ് ആ സംവിധാനം അങ്ങനെ ചെയ്യേണ്ടിവന്നിട്ടുള്ളത്. പിന്നെ ഈ ബില്ലിനെ സംബന്ധിച്ച് മാർച്ച് 31-ന് കൊടുത്ത എല്ലാ ബില്ലുകളും honour ചെയ്യപ്പെടും. അക്കാര്യത്തിൽ പ്രശ്നമില്ല. ഇതിൽ നിയന്ത്രണമെന്നു പറയുന്നത് ഇവർക്ക് monthly ceiling പതിനാലിൽ ഒരു ഭാഗം മാത്രമേയുള്ളൂ. മറ്റ് ഡിപ്പാർട്ടുമെന്റികളിലെ സീലിംഗ് ഇവർക്കില്ല. അതുകൊണ്ട് സീലിംഗിന്റെ പ്രശ്നമില്ല. 2005 മാർച്ച് 22 മുതൽ ട്രഷറി നിയന്ത്രണമില്ല. അതുകൊണ്ടാണ് കൊടുത്ത എല്ലാ ചെക്കുകളും honour ചെയ്യപ്പെടുമെന്ന് ഞാൻ പറഞ്ഞത്. എക്സ്പെൻഡിച്ചറിന്റെ കാര്യമാണെങ്കിൽ ഗ്രാമപഞ്ചായത്തുകളിൽ ഫെബ്രുവരിവരെയുള്ള കണക്ക് പരിശോധിച്ചാൽ 54 ശതമാനം എക്സ്പെൻഡിച്ചർ ആയിട്ടുണ്ട്. മൊത്തത്തിൽ അവസാനം വരുന്ന സമയത്ത് ഇപ്പോഴത്തെ കണക്കുകൂട്ടൽപ്രകാരം എൺപത് ശതമാനത്തോളം എക്സ്പെൻഡിച്ചർ വരും. കഴിഞ്ഞപ്രാവശ്യം പഞ്ചായത്തുകൾക്ക് ശരാശരി എൺപത്തിയെട്ട് ശതമാനമായിരുന്നു, ബ്ലോക്കിനും ജില്ലയ്ക്കും കൂടി എൺപത്തിയഞ്ച് ശതമാനമായിരുന്നു. ഈ മാർച്ച് 31 വരെ എൺപത് ശതമാനം വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. പിന്നെ ജനറൽ പർപ്പസ് ഗ്രാന്റിന്റെ കാര്യം ഇവിടെ പറഞ്ഞു, അത് ലാപ്സ് ആകില്ല. അത് പഞ്ചായത്തിന്റെ പൊതു ഫണ്ടിലേക്ക് പോകുന്ന കാര്യമാണ്. മെയിന്റനൻസ് ഗ്രാന്റിന്റെ പ്രോബ്ളമുണ്ട്. മെയിന്റനൻസ് ഗ്രാന്റ് മാർച്ച് 31-നുള്ളിൽ ചെലവാക്കാൻ കഴിയുകയില്ല എന്ന പ്രോബ്ലമുണ്ട്. ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ഉണ്ട്; പോരാത്തതിന് മുഖ്യമന്ത്രിയും വന്നിട്ട്, അതിനെ സംബന്ധിച്ച് അന്തിമ തീരുമാനം എടുക്കാം. ആ കാര്യത്തിലെന്താണ് അവസാനം ചെയ്യാൻ പോകുന്നത് എന്ന് 28-ാം തീയതിയിലെ ധനാഭ്യർത്ഥന ചർച്ചയ്ക്ക് മറുപടി പറയുന്ന സമയത്ത് പറയാം. ഏതായാലും ഗവൺമെന്റ് ഇക്കാര്യം വളരെ ഗൗരവത്തോടുകൂടി കാണുകയാണ്. ഈ

ഉദ്ദേശത്തോടുകൂടിയാണ് നടപടികളെടുത്തത്. ഇത്രയും കാര്യങ്ങൾ ഇവിടെ വിശദീകരിക്കുകയാണ്. ഈ വിഷയം സംബന്ധിച്ച ധനാഭ്യർത്ഥന 28-ാം തീയതി വരുന്നുണ്ട്. അപ്പോൾ കുറേക്കൂടി മൈനൂട്ട് ഡിസിഷനിലേക്ക് പോകാം. അതുകൊണ്ട് സഭാനടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ഡോ. തോമസ് ഐസക്ക്: ബഹുമാനപ്പെട്ട മന്ത്രിക്ക് പ്രശ്നങ്ങൾ എന്തെന്ന് വ്യക്തമായിട്ടറിയാമെങ്കിലും അതിന്റെ ഗൗരവത്തെക്കുറിച്ച് ധാരണയില്ലെന്നാണ് ഇതിൽനിന്ന് വ്യക്തമാകുന്നത്. ഇപ്പോൾത്തന്നെ സ്വയംഭരണാവകാശമുള്ള 991 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ, 53 മുനിസിപ്പാലിറ്റികൾ, 5 കോർപ്പറേഷനുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാരിന്റെ ഉപേക്ഷമൂലം സ്തംഭനത്തിലേക്ക് എത്തിച്ചേർന്നിരിക്കുകയാണ്. അതിനെക്കുറിച്ച് 28-ാം തീയതി നടക്കുന്ന ഡിമാന്റ് ചർച്ചയിൽ പറഞ്ഞാൽ പോരാ, കാരണം അന്ന് ചർച്ച ചെയ്തിട്ട് കാര്യമില്ല. അന്ന് രണ്ടുദിവസം കഴിഞ്ഞാൽ ധനകാര്യ വർഷം അവസാനിക്കുകയാണ്. ഇനി ഈ ധനകാര്യ വർഷത്തിൽ അഞ്ച് പ്രവൃത്തി ദിവസങ്ങളാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ 22-ാം തീയതിയാണ് ട്രഷറി നിയന്ത്രണങ്ങൾ നീക്കിയത്. ധനകാര്യവകുപ്പുമന്ത്രി ഇവിടെയുണ്ട്. നിയന്ത്രണങ്ങൾ നീക്കിയെന്ന് പ്രഖ്യാപനം ഉണ്ടെങ്കിലും അപ്രഖ്യാപിത നിയന്ത്രണങ്ങൾ തുടരുകയാണ്. ഞാൻ ഒരു എക്സ്ട്രീം കേസ് ചൂണ്ടിക്കാണിക്കാം. കോട്ടയം ജില്ലയിലെ കുറിച്ചി പഞ്ചായത്ത് പ്രസിഡന്റുമായി ഇന്ന് ഞാൻ സംസാരിച്ചു. അവർക്ക് തൊണ്ണൂറ് ലക്ഷം രൂപ ഗ്രാന്റ് കിട്ടി. പ്ലാൻകട്ട് കഴിഞ്ഞ് അത് എഴുപത്തിയെട്ട് ലക്ഷമായി. ആ എഴുപത്തിയെട്ട് ലക്ഷം രൂപയുടെ ബിൽ പ്രസന്റ് ചെയ്യാൻ വന്നു. ഇന്നലെ പഞ്ചായത്തുസെക്രട്ടറി പത്തുലക്ഷത്തി ചിലാനം രൂപയുടെ ബിൽ പ്രസന്റ് ചെയ്തു. ചങ്ങനാശ്ശേരി ട്രഷറിയിലാണ്. പന്ത്രണ്ടിലൊന്നേ നൽകാൻ പറ്റൂവെന്നു പറഞ്ഞു. ആറുലക്ഷത്തി ചിലാനം രൂപയുടെ ബില്ലേ പാസാക്കിയിട്ടുള്ളൂ. പന്ത്രണ്ടിലൊന്ന് എന്നത് എനിക്ക് ഇതേവരെ മനസ്സിലായിട്ടില്ല. പണ്ട് എങ്ങാണ്ടോ സർക്കാർ ഇറക്കിയ ഓർഡർ പ്രകാരം പതിനാലിലൊന്ന് എന്നാണ് പറഞ്ഞിരിക്കുന്നത്. ഇതാണ് കോൺക്രീറ്റായി ഒരു പഞ്ചായത്ത് പ്രസിഡന്റിന് ഉണ്ടായിട്ടുള്ള അനുഭവം. ഇതുപോലെ ഓരോ സ്ഥലത്തും ഉണ്ടായിട്ടുണ്ട്. ശ്രീ. ടി. കെ. ബാലൻ, എം. എൽ. എ. അദ്ദേഹത്തിന്റെ അനുഭവം പറഞ്ഞു. അദ്ദേഹത്തിന്റെ മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ബിൽ എഴുതി ബിൽ ബുക്കിൽ വച്ച് കൊടുത്തുകഴിഞ്ഞാൽ ബിൽ ബുക്ക് തിരിച്ചുകിട്ടില്ല. ബിൽ ബുക്ക് തിരിച്ചുകിട്ടിയാലല്ലേ പുതിയ ബിൽ എഴുതാൻ പറ്റുകയുള്ളൂ. ഇത്തരത്തിൽ നാനാവിധത്തിലുള്ള നിയന്ത്രണങ്ങൾ ഈ അവസാന

LIBRARY ARCHIVES Kerala Legislative Assembly

ദിവസങ്ങളിൽപ്പോലും വരുത്തി പദ്ധതിപ്പണം ചെലവാക്കുന്നതിന് തടസ്സം സൃഷ്ടിച്ചിരിക്കുകയാണ്. ഈ വർഷം പദ്ധതിരേഖ അംഗീകരിച്ചത് ആഗസ്റ്റിലായിരുന്നു. സാങ്കേതിക സമിതികൾ പ്രവർത്തിക്കാത്തതുകൊണ്ട് അതിന് സാങ്കേതികാനുമതി കിട്ടിയത് ഒക്ടോബറിലാണ്. അത് നടപ്പിലാക്കാൻ തുടങ്ങിയപ്പോഴാണ് ബിൽ സമ്പ്രദായം ഏർപ്പെടുത്തിയത്. ഫെബ്രുവരി 1-ാം തീയതിയുള്ള കാളിംഗ് അറ്റൻഷന് ബഹുമാനപ്പെട്ട മന്ത്രി തന്നെ മറുപടി പറഞ്ഞിട്ടുണ്ട്. നവംബറിൽ ചെലവായില്ല, ഡിസംബറിലാണ് ചെലവായതെന്ന്. അങ്ങനെ ഡിസംബർ അവസാനമായപ്പോഴേക്കും 25 ശതമാനം പദ്ധതിപ്പണമാണ് ആകെ ചെലവാക്കിയിട്ടുള്ളത്. ഡിസംബറിന് ശേഷം ജനുവരിയിൽ രണ്ട് ദിവസം, ഫെബ്രുവരിയിൽ രണ്ട് ദിവസം മാത്രമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവരുടെ ബിൽ അക്സെപ്റ്റ് ചെയ്ത് പണം മാറിക്കൊടുക്കുന്നതിന് സൗകര്യം നൽകിയതെന്ന് പഞ്ചായത്ത് പ്രസിഡന്റ് അങ്ങയോട് തന്നെ പറഞ്ഞിട്ടുണ്ട്. ഇന്നിപ്പോൾ അങ്ങ് പറഞ്ഞ കണക്കല്ല. പക്ഷേ അങ്ങയുടെ കണക്കിനെ ഞാൻ contest ചെയ്യുകയല്ല. ഏതായാലും 500-ൽപ്പരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചെലവിന്റെ കണക്ക് ഞാൻ ശേഖരിച്ചു. അത് പ്രകാരം ശരാശരി 40-45 ശതമാനത്തിനപ്പുറത്തേക്ക് ചെലവ് വന്നിട്ടില്ല. ഇനിയുള്ള ദിവസങ്ങളിൽ എത്ര ചെലവാക്കാൻ ശ്രമിച്ചാലും ഒരു അറുപത് ശതമാനത്തിനപ്പുറത്തേക്ക് പോകില്ല. ഒരു extreme കേസ് കൂടി പറയുകയാണെങ്കിൽ കഴിഞ്ഞ ദിവസം ഞാൻ കോട്ടയത്ത് പോയി. കോട്ടയം ജില്ലാ പഞ്ചായത്ത് 20 ശതമാനത്തിനപ്പുറം പണം ചെലവാക്കാൻ പോകുന്നില്ല. അവിടുത്തെ ജനപ്രതിനിധികൾ പറഞ്ഞതാണ്. ചില പ്രത്യേക കാരണങ്ങളാൽ പദ്ധതി രേഖയ്ക്ക് കഴിഞ്ഞ മാസമാണ് അംഗീകാരം കിട്ടിയത്. അങ്ങനെ വച്ച് നോക്കുമ്പോൾ പ്ലാൻ കട്ട് പ്രകാരം 220 കോടി രൂപയുടെയും 1464 കോടി രൂപയുടെയും 40% ലാപ്സാകുമെന്ന് പറഞ്ഞാൽ 720 കോടി രൂപ വരും. മെയിന്റനൻസ് ഗ്രാന്റ്, 130 കോടി രൂപ. Rural pool-ൽ നിന്നും നൽകിയ പണം, വി. ആർ. എം., എം. ഐ. ഒക്കെ non lapsable ആയിരുന്നു. ജനുവരിയിൽ ആ 130 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കണമെങ്കിൽ പ്രോജക്ട് തയ്യാറാക്കണം, അംഗീകാരം വാങ്ങണം, ടെന്റർ ചെയ്യണം. ഇതൊക്കെ എന്ന് നടപ്പിലാക്കാൻ പറ്റും? അത് മുഴുവൻ തിരിച്ചുപിടിക്കുകയല്ലേ? ഞാൻ പറയുന്നു, ഈ രീതിയിലാണ് കാര്യങ്ങൾ ചെയ്യുന്നതെങ്കിൽ 800 കോടി രൂപ മാർച്ച് 31-ന് സർക്കാരിലേക്ക് തിരിച്ചുവരാൻ പോവുകയാണ്. ഇനി നിങ്ങൾ എത്ര സഹകരിച്ചാലും ഏകദേശം 700 കോടിയോളം രൂപ തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്ന് സർക്കാരിലേക്ക് തിരിച്ചുവരികയാണ്. ഇവിടെ റിവൈസ്ഡ് ബഡ്ജറ്റ് എസ്റ്റിമേറ്റ് അവതരിപ്പിച്ചുകഴിഞ്ഞു. എക്സ്പെന്റിച്ചറായി ബുക്ക് ചെയ്തിട്ടുള്ളത്, പ്ലാനിംഗ് കമ്മീഷന് റിപ്പോർട്ട് ചെയ്യപ്പെട്ട് കഴിഞ്ഞിട്ട് നിങ്ങൾ വീണ്ടും തിരിച്ചുപിടിക്കുകയാണ്. ഇത് സ്വയംഭരണാവകാശത്തെ

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യം ചെയ്യുന്ന ഒരു ഏർപ്പാടാണ്. കോളേജുകൾക്ക് ഗ്രാന്റ് നൽകുന്നുണ്ട്; എത്രയോ വായനശാലകൾക്ക് ഗ്രാന്റ് നൽകുന്നുണ്ട്. മാർച്ച് 31-നകം ചെലവഴിച്ചു തീർത്തില്ലെങ്കിൽ തിരിച്ചുപിടിക്കുമെന്നാണ്. മാർച്ച് 31-ന് മുൻപ് ചെലവാക്കിയിട്ടില്ലെങ്കിൽ തിരിച്ചുപിടിക്കാൻ ഇത് സർക്കാർ ഡിപ്പാർട്ടുമെന്റല്ല; ഈ സംസ്ഥാനത്തെ സ്വയംഭരണ സ്ഥാപനങ്ങളാണ്. എങ്ങനെയാണ് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് ഗ്രാന്റ് നൽകുന്നത്? ചെലവാക്കിയില്ലെങ്കിൽ നിങ്ങളെക്കൊണ്ട് revalidate ചെയ്യിക്കും. റൂറൽ ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റാണെങ്കിൽ 25 ശതമാനം carry over ചെയ്യുന്നതിന് കേന്ദ്ര സർക്കാർ തന്നെ അനുവാദം നൽകുമ്പോൾ മാർച്ച് 31 എന്നുപറയുന്ന ദിവസം അവസാനത്തെ പൈസ ചെലവാക്കിയില്ലെങ്കിൽ തിരിച്ചുപിടിക്കുമെന്ന് പറയുന്നതിൽ ഒരു സാമ്പത്തിക നീതിയും യുക്തിയുമില്ല. കാരണം Expenditure continuous അല്ല ഡിസ്ക്രീറ്റാണ് എന്തിനാണ് അവസാനത്തെ പൈസയും തിരിച്ചുവരണമെന്ന് പറയുന്നത്? യഥാർത്ഥത്തിൽ ഇത് തദ്ദേശഭരണ സ്ഥാപനങ്ങൾ ചെലവാക്കി എന്ന് നിങ്ങൾ അക്കൗണ്ടിൽ കാണിക്കുന്ന പണം മിസലേനിയസ് ക്രെഡിറ്റായി പുറകുവശത്തുകൂടി തിരിച്ചുപിടിക്കുന്ന ഏർപ്പാട് ഒരു കലയാക്കി സർക്കാർ മാറ്റിയിരിക്കുകയാണ്. ഒരു കാര്യം ചൂണ്ടികാണിക്കട്ടെ! 25 ശതമാനം ലാപ്സാകുന്നു, എസ്. സി. പി. ഫണ്ട് ലാപ്സാകുമ്പോൾ അടുത്ത വർഷം ജനറൽ സെക്ടറിൽ നിന്ന് എടുക്കാൻ പറയില്ലേ? പല പഞ്ചായത്തുകൾക്കും ജനറൽ സെക്ടർ ഇല്ല. പദ്ധതി നടത്തുന്നതിന് പ്രയാസം വരികയാണ്. അതുകൊണ്ട് ഞാൻ പറയുന്നു, ഫെബ്രുവരി ഒന്നിന് ഈ നിയമസഭയിൽ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി ഒരു assurance നൽകിയിട്ടുണ്ട്. ആ assurance മെയിന്റനൻസ് ഗ്രാന്റിനെക്കുറിച്ച് മാത്രമല്ല, നവംബർ, ഡിസംബർ മാസത്തിൽ പണം ചെലവാക്കാൻ കഴിഞ്ഞില്ലെന്നുള്ള പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 25 ശതമാനം carry over-ന് ഈ വർഷം സന്ദർഭമുണ്ടാക്കാമെന്ന് തദ്ദേശഭരണ വകുപ്പുമന്ത്രി ഈ സഭയിൽ വ്യക്തമാക്കിയതാണ്. ഇനി പദ്ധതി നിർവ്വഹണത്തിന് 5 ദിവസം മാത്രം പ്രവൃത്തി ദിനങ്ങൾ അവശേഷിക്കുമ്പോൾ അങ്ങയോട് ചോദിക്കുന്നത്, ആ assurance പാലിക്കാൻ തയ്യാറുണ്ടോ? അല്ല അതിനെക്കുറിച്ച് വ്യത്യസ്ത അഭിപ്രായമാണെങ്കിൽ സഭ നിറുത്തിവച്ച് ചർച്ച ചെയ്യാം. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നേരത്തെ ഇങ്ങനെയൊരു assurance നൽകിയിട്ടില്ലെന്ന് ധനകാര്യവകുപ്പുമന്ത്രി തലകുലുക്കുകയാണ്. ഞങ്ങൾ പറയുന്നത് assurance ഉണ്ടെന്നാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നത് ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ടതുണ്ടെന്നാണ്. എന്റെ മണ്ഡലത്തിൽ ഇതുസംബന്ധിച്ച് ജനപ്രതിനിധികളുടെ പ്രചരണ ജാഥ നടക്കുകയാണ്. 26-ാം തീയതി ആലപ്പുഴ ജില്ലയിലെ മുഴുവൻ ജനപ്രതിനിധികളും സെക്രട്ടേറിയറ്റ് മാർച്ച് നടത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങ് പറഞ്ഞതുപോലെ ഈ ബിൽ സമ്പ്രദായത്തിൽ നേട്ടമുണ്ട്. ട്രഷറിയിൽപ്പോയി ബഹളമുണ്ടാക്കില്ല, പഞ്ചായത്തിൽപ്പോയി ബഹളമുണ്ടാക്കും. അതാണ് നടക്കാൻ പോകുന്നതെങ്കിൽ ഈ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ജനങ്ങൾ ട്രഷറിയിലേക്ക് മാർച്ച് നടത്തും. ട്രഷറിയിലുണ്ടാകുന്ന പ്രശ്നം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമലിൽ കെട്ടിവച്ച് രക്ഷപ്പെടാൻ നോക്കണ്ട. അതീവ ഗുരുതരമായ സ്ഥിതിവിശേഷം കേരളത്തിലുണ്ടാകും. അതുകൊണ്ട് സഭാ നടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം ബി. പുരുഷോത്തമൻ)*: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്നതിനുമുൻപ് ഫിനാൻസുമായി ബന്ധപ്പെട്ട വിഷയമുള്ളതുകൊണ്ട് അതിനൊരു വിശദീകരണം നൽകാം. അതിനുശേഷം അദ്ദേഹം മറുപടി പറയും. ട്രഷറി നിയന്ത്രണമാണ് ഇതിനെല്ലാം കാരണമെന്ന് ഇവിടെ പറയുകയുണ്ടായി. ട്രഷറി നിയന്ത്രണം തുടങ്ങിയിട്ട് 20 കൊല്ലത്തോളമായി. ഇത് ആദ്യമായി തുടങ്ങിയതല്ല. പക്ഷേ ഇതുവരെയുള്ളതിൽ ഏറ്റവും കൂടുതൽ ട്രഷറി liberalisation കൊടുത്തത് ഇപ്പോഴാണ്. ഈ കഴിഞ്ഞ മൂന്ന് മാസം ട്രഷറി നിയന്ത്രണം ഉണ്ടായിട്ടുള്ളതുപോലെ ഒരു കാലത്തുമുണ്ടായിട്ടില്ല. ഉദാഹരണമായി, ജനുവരി 17-ാം തീയതി മുതൽ 31-ാം തീയതി വരെ ട്രഷറി നിയന്ത്രണം ഇല്ലായിരുന്നു. ഫെബ്രുവരി മാസത്തിൽ 3-ാം തീയതി മുതൽ 28-ാം തീയതി വരെ ട്രഷറി നിയന്ത്രണം ഇല്ലായിരുന്നു. മാർച്ച് മാസത്തിൽ ഇപ്പോൾ അദ്ദേഹം പറഞ്ഞു, 22 മുതലാണെന്ന്. 21-ാം തീയതി രാവിലെയുള്ള പത്രം എടുത്ത് നോക്കിയാൽ അറിയാം, 21-ാം തീയതി മുതൽ ട്രഷറി നിയന്ത്രണമില്ല എന്നുള്ളത്. ട്രഷറി നിയന്ത്രണം കൊണ്ടല്ല കാശ് വാങ്ങാതിരുന്നത്. അതുപോലെ General purpose grant നെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. General purpose grant-നെ സംബന്ധിച്ചിടത്തോളം ഒരു നിയന്ത്രണവുമില്ല. അത് വേണമെങ്കിൽ ഡ്രാ ചെയ്ത് ബാങ്കിലിടാം. അതെല്ലാം ഫിനാൻസ് ഡിപ്പാർട്ടുമെന്റ് agree ചെയ്തിട്ടുണ്ട്. അതിനൊന്നും യാതൊരു നിയന്ത്രണവുമില്ല. പിന്നെ ബിൽ സിസ്റ്റം വന്നതിനെക്കുറിച്ച് പറഞ്ഞു, ബിൽ സിസ്റ്റം എങ്ങനെ introduce ചെയ്തു എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതെല്ലാം ഫിനാൻസ് ഡിപ്പാർട്ടുമെന്റും അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റും കേന്ദ്രവും എല്ലാം കൂടി നേരത്തേ പരിശോധിച്ചിട്ട് എടുത്തതീരുമാനമാണ്. അത് 3-11-2004-ൽ നിലവിൽ വന്നു. 5 മാസം കഴിഞ്ഞല്ല അത് ഉയർത്തേണ്ടത്. അത് എല്ലാവരും അംഗീകരിച്ചതാണ്. പിന്നെ ബഡ്ജറ്റിൽ carry over എന്നൊരു പ്രശ്നമില്ല. ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ അത് സാദ്ധ്യവുമല്ല. Budget is the upper limit; Budget provision is the upper ceiling. അതുകൊണ്ട് അത്രയും ചെലവാക്കണമെന്നില്ല. എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും കാശ്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്നതിൽ ചില നിയന്ത്രണങ്ങളുണ്ട്. ഡിപ്പാർട്ടുമെന്റ് പോലെയല്ല സ്വയംഭരണ സ്ഥാപനങ്ങൾ. മറ്റ് സ്ഥാപനങ്ങൾക്ക് കൊടുക്കുന്നതുപോലെ സർക്കാർ ഇതിനും കൊടുക്കുന്നുണ്ട്. അതിന്റെയും അക്കൗണ്ട് വേണം. അതിൽ misuse വരാൻ പാടില്ല. പണം കൊടുക്കുന്ന സർക്കാരിനുതന്നെ അത് misuse ചെയ്യുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ട ബാദ്ധ്യതയുണ്ട്. അതുകൊണ്ടാണ് ഇതിൽ നിയന്ത്രണം വരുത്തിയത്. അതല്ലാതെ ധനകാര്യവകുപ്പ് ഇതിൽ യാതൊരു രീതിയിലുള്ള തെറ്റും ചെയ്തിട്ടില്ല. പ്ലാൻ കട്ട് വന്നു. പ്ലാൻ കട്ട് വരും. എല്ലാ കാലത്തും വരും. ഡോ. തോമസ് ഐസക്കിനും അതറിയാം. പ്ലാൻ കട്ട് വന്നതിന്റെ കുറവ് വന്നു എന്നല്ലാതെ ഏറ്റവും കൂടുതൽ liberalised attitude ആണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് എന്നുമാത്രം ഈ അവസരത്തിൽ ഞാൻ അറിയിക്കുന്നു.

തദ്ദേശഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ, ഡോ. തോമസ് ഐസക് ചൂണ്ടിക്കാണിച്ച കാര്യത്തിൽ വസ്തുതകൾ വസ്തുതകളായി അംഗീകരിച്ചുകൊണ്ട് അതിനുള്ള പരിഹാര മാർഗ്ഗത്തെക്കുറിച്ച് ചിന്തിക്കുകയല്ലാതെ മറുപടി പറഞ്ഞ് ഗവൺമെന്റ് ഭാഗം ജയിക്കണമെന്ന ഉദ്ദേശമില്ല; അങ്ങനെ ആഗ്രഹിക്കാനും പാടില്ല. ഇതിലെ വസ്തുതകൾ ശരിയാണ്. ഇന്നത്തെ കണക്ക് പ്രകാരം 80 ശതമാനം എക്സ്പെന്റിച്ചറിലേക്ക് എത്തുമെന്നാണ്. പദ്ധതി പൂർത്തിയാക്കിയിട്ടുള്ള പഞ്ചായത്തുകളുടെ ലിസ്റ്റുണ്ട്. അതൊരു ന്യായീകരണമല്ല. എന്തായിരുന്നാലും എക്സ്പെന്റിച്ചറിന്റെ കാര്യത്തിൽ വിചാരിച്ചതുപോലെ എത്തുമെന്ന് പ്രതീക്ഷിക്കുകയാണ്. പിന്നെ ഇതിലെ ഒരു പ്രശ്നമെന്ന് പറയുന്നത്, അപ്രഖ്യാപിതമായി ട്രഷറിയിൽ ഒരു ബിൽ കൊണ്ടുവന്ന് ആളുകളെ വട്ടംതിരിക്കുന്നു എന്നതാണ്. ഗൗരവമായി അത് പരിശോധിക്കാം. കാരണം monthly ceiling ഇതിൽ പാടില്ല. 1/14 എന്നുള്ള ഡിപ്പാർട്ടുമെന്റിന്റെ സീലിംഗ് ഇതിൽ പാടില്ല. ഡോ. തോമസ് ഐസക് വളരെ glaring ആയിട്ടുള്ള ചില ഉദാഹരണങ്ങൾ പറഞ്ഞു. അത് തീർച്ചയായിട്ടും ചെക്ക് ചെയ്യാം. അങ്ങനെ ഒരിക്കലും ഉണ്ടാകില്ല. ഉണ്ടാകരുതെന്ന നിർബന്ധമുണ്ട്. ഇല്ലാത്ത ഒരു സംഗതി ഉണ്ടാക്കാൻ സമ്മതിക്കില്ല. അതിനാവശ്യമായ കാര്യങ്ങൾ ചെയ്യുന്നതാണ്. 25 ശതമാനം carry over-ന്റെ കാര്യം മന്ത്രി സഭയിൽ പറഞ്ഞത് ശരിയാണ്.

ശ്രീ. സി. കെ. നാണു: ബിൽ ബുക്ക് തിരിച്ചുകൊടുക്കുന്നില്ല എന്നുള്ളത് പല പഞ്ചായത്തുകളുടെയും പരാതിയാണ്. അത് യഥാർത്ഥത്തിൽ ബുദ്ധിമുട്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അത് നോക്കേണ്ടതാണ്. എന്നാലല്ലേ രണ്ടാമത് ബിൽ എഴുതാൻ സാധിക്കുകയുള്ളൂ. അത് നോക്കാം. Carry forward -ന്റെ കാര്യം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയാണ്. അതിൽനിന്നും ഗവൺമെന്റ് ഒഴിയുന്നില്ല. അതിന് അടിയന്തിരമായി ഇപ്പോൾ മറുപടി പറയാൻ സാധിക്കില്ലെങ്കിലും മുഖ്യമന്ത്രിയുമായി സംസാരിച്ച് തീർച്ചയായിട്ടും അതിന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കാം. പിന്നെ അങ്ങ് പറഞ്ഞ ഒരു കാര്യം, ഇവിടെ ചർച്ചയിൽ വരേണ്ടതാണ്. അത് ഇപ്പോൾ പറയേണ്ട കാര്യമല്ല. എക്സ്പെന്റിച്ചർ എന്നുള്ള നിലയിൽ കാണിച്ചതിനുശേഷം, പഞ്ചായത്തുകൾക്ക് നൽകിയശേഷം പിന്നെ അതിൽ പ്രധാനമായ ഒരു portion തിരിച്ചുപിടിക്കേണ്ടി വരുന്നു എന്നുപറയുന്നതിൽ ഒരു അധാർമ്മികതയുണ്ട്. അതൊരു വസ്തുതയാണ്. അതിനുള്ള പരിഹാരമാർഗ്ഗത്തിന് ഉന്നതതലത്തിൽ ചർച്ച ചെയ്യണം. പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം അവർക്ക് എക്സ്പെന്റിച്ചർ വരാത്ത ഒരു ഘട്ടത്തിൽ ഒരു portion carry forward ചെയ്യണമെന്ന സിദ്ധാന്തത്തോട് യോജിപ്പാണ്. അതിനുള്ള മാർഗ്ഗമെന്താണ് എന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കാം. അത് 28-ാം തീയതി ഡിമാന്റിന് മറുപടി പറയുമ്പോൾ പറഞ്ഞാലും മതിയല്ലോ. എക്സ്പെന്റിച്ചർ പോലെയല്ലല്ലോ. Carry forward-ന് ഓർഡറിട്ടാൽ മതിയല്ലോ. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുമായി ആലോചിച്ച് ഇക്കാര്യത്തിന് പരിഹാരമുണ്ടാക്കണം. പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം നൻമ വിചാരിച്ച് ബിൽ സമ്പ്രദായം ഏർപ്പെടുത്തിയതാണ്. വേണ്ടത്ര ട്രെയിനിംഗ് അവർക്ക് കൊടുത്തിട്ടുണ്ട്. ജനറൽ പർപ്പസ് ഗ്രാന്റ് ലാപ്സാകില്ല. അത് പഞ്ചായത്തിന്റെ ഭാഗമായി വരുന്നതാണ്. ഇത്രയും കാര്യങ്ങളാണ് അദ്ദേഹം ചൂണ്ടിക്കാണിച്ച കാര്യങ്ങളെപ്പറ്റി പറയാനുള്ളത്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: പ്രോജക്ട് തയ്യാറാക്കി മാർച്ച് 31-ന് മുമ്പ് ക്ലോസ് ചെയ്യുക എന്നുപറയുന്നത് അസാദ്ധ്യമാണ്. പെസഹ വ്യാഴാഴ്ചപോലുള്ള അവധി ദിവസങ്ങളാണ് ഇനി വരുന്നത്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: Special Maintenance Grant-ന്റെ കാര്യം ചർച്ച ചെയ്യുന്നുണ്ട്. ഞാൻ പറഞ്ഞത് General Purpose Grant -നെക്കുറിച്ചാണ്. General Purpose Grant പഞ്ചായത്ത് ഫണ്ടിലേക്ക് പോകുന്നതാണ്. അത് ലാപ്സാകില്ല. വിശദീകരണക്കുറിപ്പിൽ പറഞ്ഞതുകൊണ്ടാണ് ഞാൻ അതിനെപ്പറ്റി പറയുന്നത്. Special Maintenance Grant-നെ സംബന്ധിച്ചിടത്തോളം.....

ശ്രീ. സാജുപോൾ: അക്കാര്യത്തിൽ കൃത്യമായ ഒരു രാഷ്ട്രീയ തീരുമാനം വേണം. കോർപ്പറേഷനുകളുടെ വായ്പ ഗവൺമെന്റ് തിരിച്ചടയ്ക്കുമെന്ന് മുമ്പ്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട കെ. കുട്ടി അഹമ്മദ് കുട്ടി പ്രഖ്യാപിച്ച അതേ വേദിയിൽവച്ച് ധനകാര്യവകുപ്പുമന്ത്രി അത് സാദ്ധ്യമല്ല എന്ന് പറഞ്ഞിരിക്കുകയാണ്. ദണ്ഡിയാത്രയുടെ വാർഷികാഘോഷം നടക്കുകയാണ്. ഗാന്ധിജിയുടെ സ്വപ്നം പുവണിയിപ്പിക്കാൻ ഈ ഗവൺമെന്റിന് എന്തെങ്കിലും നടപടിയുണ്ടോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ധനകാര്യവകുപ്പുമന്ത്രി Financial discipline-ന്റെ കാര്യത്തെക്കുറിച്ചാണ് ഇവിടെ പറഞ്ഞത്. അത് ധനകാര്യവകുപ്പുമന്ത്രി പറയേണ്ട കാര്യമാണ്. ആരായിരുന്നാലും Financial discipline വേണം. ചെക്ക് എഴുതി കൊടുത്താൽ ചെലവായി എന്നുപറയുന്നതിൽ എന്താണ് അർത്ഥം? Actual Expenditure ആണ് അക്കൗണ്ട് ചെയ്യുന്നത്. Accountability പഞ്ചായത്തിൽ അല്ല, ഏത് സ്ഥാപനമായാലും വേണം. അത് ധനകാര്യവകുമന്ത്രി പറഞ്ഞിട്ടുണ്ട്. അടിയന്തിരപ്രമേയത്തിൽ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ ഗൗരവമായി എടുക്കുന്നതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

പ്രതിപക്ഷനേതാവ് *(ശ്രീ. വി. എസ്. അച്ചുതാനന്ദൻ):* സർ, നമ്മുടെ സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ വളരെ അനാഥമായിട്ടുള്ള നിലയിൽ അലോട്ട് ചെയ്യപ്പെടുന്ന തുക ഗ്രാമങ്ങളുടെയും നഗരങ്ങളുടെയും വികസന പ്രവർത്തനങ്ങൾക്ക് ഉപകാരപ്രദമാകാത്ത വിഷമകരമായ സ്ഥിതിയെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. അതാണ് ഡോ. തോമസ് ഐസക് അടിയന്തിരപ്രമേയത്തിലൂടെ ശ്രദ്ധയിൽപ്പെടുത്താൻ ശ്രമിച്ചത്. അക്കാര്യത്തെ സംബന്ധിച്ച് വേണ്ടത് ചെയ്യാമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും നമ്മുടെ രാഷ്ട്രപിതാവ് പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള പ്രാധാന്യം എത്രയോ വലുതാണെന്ന് ഞാൻ പ്രത്യേകം എടുത്തുപറയേണ്ടതില്ലല്ലോ! അദ്ദേഹത്തിന്റെ സമരകാലത്തെ 'ദണ്ഡിയാത്രയ്ക്ക്' മുഖ്യമന്ത്രിയും കൂട്ടരും പോയിരിക്കുകയാണ്. അദ്ദേഹത്തിന്റെ ആശയഗതിയെ തകർത്തെറിഞ്ഞിട്ടാണ് ദണ്ഡിയാത്രനടത്തുന്നത്. അതുകൊണ്ട് എന്റെ സ്നേഹിതൻ ഇപ്പോൾ ഈ വകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രി കുറച്ച് കാര്യങ്ങൾ ക്രിയാത്മകമായി പറഞ്ഞിട്ടുണ്ടെങ്കിലും 30-നുള്ളിൽ തീരാൻ പോകുന്ന പണം എങ്ങനെ അവർക്ക് ലഭിക്കണമെന്നുള്ളത് സംബന്ധിച്ച് ഒരു വ്യക്തതയും വന്നിട്ടില്ല. ധനകാര്യവകുപ്പുമന്ത്രിയാകട്ടെ ധനം പിടിച്ചുകൊണ്ടിരിക്കുകയാണ്. കോഴി അടയിരിക്കുന്നതുപോലെ എന്ന് ഞാൻ പറയുന്നില്ല. അദ്ദേഹത്തിന് സാമ്പത്തികകാര്യങ്ങളെ സംബന്ധിച്ച് ശ്രദ്ധിക്കാനുള്ളത് കൊണ്ടായിരിക്കും. ഭരണഘടനാ ഭേദഗതി അനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രാദേശിക

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റുകളാണ്. കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ സംസ്ഥാനംപോലെ സംസ്ഥാനത്തിന്റെ കീഴിലുള്ള പ്രാദേശിക ഗവൺമെന്റുകളാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ. ആ പ്രാദേശിക ഗവൺമെന്റുകൾക്ക് വികസന പ്രവർത്തനങ്ങളിൽ ചുമതലാബോധത്തോടുകൂടി ഉത്തരവാദിത്തം നിറവേറ്റിക്കൊടുക്കാൻ കഴിയുന്നില്ല. എന്നുള്ളത് വ്യസനകരമായ ഒരു സ്ഥിതിയാണ്. അക്കാര്യത്തെ സംബന്ധിച്ച് ഒരുറപ്പും ഇപ്പോൾ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നുമുണ്ടായിട്ടില്ല. നിങ്ങൾ ധനകാര്യവകുപ്പുമന്ത്രിയുമായി ചർച്ച ചെയ്യുന്നുണ്ട്. ഇക്കാലമത്രയും ചർച്ച ചെയ്തിട്ടും ഇന്നിപ്പോൾ തീയതി 23 ആയി. ഒഴിവുദിവസം കഴിച്ചാൽ മാർച്ച് 30-ന് 4 ദിവസമേയുള്ളു. അത് കഴിഞ്ഞാൽ എന്തായിരിക്കും സ്ഥിതി? അതിന് എന്താണ് പരിഹാരമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞില്ലെങ്കിൽ ഞങ്ങൾക്ക് ഇവിടെനിന്ന് ഇറങ്ങിപോകേണ്ടി വരും. ഇതുസംബന്ധിച്ച് അങ്ങേക്ക് എന്തെങ്കിലും പറയാനുണ്ടോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: നേരത്തേതന്നെ കാര്യങ്ങൾ വ്യക്തമാക്കിയതാണ്. അതിന്റെ ഗൗരവം ഉൾക്കൊള്ളുകയാണ്. മുഖ്യമന്ത്രിയും ധനകാര്യവകുപ്പു മന്ത്രിയുമായി സംസാരിച്ച് ഇതിന് കഴിയാവുന്നത്ര പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്.

III. ശ്രദ്ധക്ഷണിക്കൽ

(1) പുനലൂർ റീഹാബിലിറ്റേഷൻ പ്ലാന്റേഷനിലെ തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ മുൻപ് പല അവസരങ്ങളിലും ഈ സഭയിൽ ഇക്കാര്യം ഉന്നയിച്ചതാണ്. അതിന് ന്യായമായ പരിഹാരം ഉണ്ടാകാത്തതുകൊണ്ടാണ് വീണ്ടും ഇത് അവതരിപ്പിക്കുന്നത്. 1964-ൽ ഇൻഡ്യൻ പ്രധാനമന്ത്രിയായിരുന്ന ലാൽബഹദൂർ ശാസ്ത്രിയും അന്നത്തെ ശ്രീലങ്കൻ പ്രധാനമന്ത്രിയായിരുന്ന സിരിമാവോ ഭണ്ഡാരനായികയും തമ്മിലുള്ള ഉടമ്പടിയുടെ അടിസ്ഥാനത്തിലാണ് ഏതാണ്ട് എഴുന്നൂറോളം ശ്രീലങ്കൻ തമിഴ് കുടുംബങ്ങളെ പുനലൂർ മണ്ഡലത്തിലെ കുളത്തുപ്പുഴയിൽ 'റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ' എന്ന സ്ഥാപനം രൂപീകരിച്ച് പുനരധിവസിപ്പിച്ചത്. അന്ന് കൃഷിവകുപ്പുമന്ത്രിയായിരുന്ന സഖാവ് എം. എൻ. ഗോവിന്ദൻ നായരായിരുന്നു ഈ ആർ.പി.എൽ. സ്ഥാപിക്കുന്നതിന് ആവശ്യമായ നേതൃത്വം നൽകിയത്. ഈ അഭയാർത്ഥി കുടുംബങ്ങൾ ഇങ്ങോട്ട് വരുന്ന അവസരത്തിൽ ഇൻഡ്യൻ എമ്പസി അവർക്കൊരു ഫാമിലി കാർഡ് നൽകിയിരുന്നു. ആ ഫാമിലി കാർഡിൽ അവരുടെയെല്ലാം പേരുകളുണ്ടായിരുന്നു. അതിൽ ഓരോ

LIBRARY ARCHIVES Kerala Legislative Assembly